**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2236** **09-02-2023 - ൽ മറുപടിയ്ക്ക്**

**പൊതുവിപണിയിൽ നടത്തിയിട്ടുള്ള ഇടപെടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് തടയുന്നതിന് പൊതുവിപണിയിൽ നടത്തിയിട്ടുള്ള ഇടപെടലിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (എ) | കേരളത്തിലെ പൊതു വിപണിയിലെ അവശ്യസാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിന് സർക്കാർ ഫലപ്രദമായി ഇടപെടൽ നടത്തുന്നുണ്ട്.<br><br>സംസ്ഥാനത്തെ ജനങ്ങൾ കൂടുതലായി കഴിക്കുന്ന അരി FCI വഴി സംഭരിച്ച് റേഷൻകടകൾ വഴി വിതരണം ചെയ്തത് വഴി സംസ്ഥാനത്തെ അരിവില പൊതുവിപണിയിൽ ഉയരുന്നത് തടയാൻ സാധിച്ചിട്ടുണ്ട്. സർക്കാരിന്റെ വിപണി ഇടപെടൽ പദ്ധതി മൂലം 13 ഇനം അവശ്യസാധനങ്ങൾ സപ്ലൈകോ ഔട്ട്ലെറ്റുകൾ (മാവേലിസ്റ്റോർ, സൂപ്പർമാർക്കറ്റ്, ഹൈപ്പർമാർക്കറ്റ്) വഴി സംസ്ഥാനത്തെ റേഷൻ കാർഡുടമകൾക്ക് നല്കിവരുന്നുണ്ട്. ടി സബ്സിഡി പദ്ധതി 35 ലക്ഷത്തിലധികം കാർഡുടമകൾ പ്രയോജനപ്പെടുത്തുന്നു.<br><br>സബ്സിഡിയിൽ വിൽക്കുന്ന ഉല്പന്നങ്ങൾ ഉൾപ്പെടെ 35 ഇനം അവശ്യ ഭക്ഷ്യസാധനങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലകുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതു ജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നുണ്ട്.<br><br>ഇത് കൂടാതെ തേയില, മല്ലിപ്പൊടി, മുളക് പൊടി, മഞ്ഞൾപ്പൊടി, ആട്ട എന്നീ ഉല്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഗുണ നിലവാര പരിശോധനയ്ക്ക് ശേഷം പൊതു വിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റു വരുന്നു.<br><br>ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും, FMCG ഉല്പന്നങ്ങളും MRP യേക്കാൾ/മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. ഈ നടപടി മൂലം |

പൊതുവിപണിയിലുണ്ടാകുന്ന വിലക്കയറ്റം സാധാരണക്കാരിൽ അധിക ബാധ്യത ഏൽപ്പിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തുന്നതിന് സാധിക്കുന്നുണ്ട്.

90 മെഡിക്കൽ സ്റ്റോറുകൾ വഴി അവശ്യമരുന്നുകളും ജീവൻ രക്ഷാമരുന്നുകളും 13% മുതൽ 50% വരെ വിലക്കുറവിൽ വില്പന നടത്തുന്നുണ്ട്. കൂടാതെ ബി.പി.എൽ കാർഡുടമകൾക്ക് എല്ലാ മരുന്നുകൾക്കും 25% കിഴിവു നൽകുന്നുണ്ട്.

കോവിഡ് 19 മഹാമാരിക്കാലത്ത് പൊതുജനങ്ങളുടെ ഭക്ഷ്യ സുരക്ഷ ഉറപ്പ വരുത്തുന്നതിനും വിലക്കയറ്റം പിടിച്ച നിറുത്തുന്നതിനുമായി മുൻ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തുമായി 2020 ഏപ്രിൽ മുതൽ 2021 സെപ്റ്റംബർ വരെയുള്ള കാലയളവിൽ സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനമൊട്ടാകെയുള്ള റേഷൻ കടകളിലൂടെ എല്ലാ വിഭാഗം കാർഡുടമകൾക്കും 13 തവണയായി 11 കോടിയോളം സൗജന്യ ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്.

2022 ലെ ഓണക്കാലത്തും 85,69,583 ഭക്ഷ്യക്കിറ്റുകൾ സംസ്ഥാനത്തെ എല്ലാ വിഭാഗം റേഷൻ കാർഡ് ഉടമകൾക്കും സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ അംഗീകൃതവും അല്ലാത്തതുമായ അഗതി മന്ദിരങ്ങൾ, അനാഥാലയങ്ങൾ, ക്ഷേമ സ്ഥാപനങ്ങൾ, ക്ഷേമ ആശുപത്രികൾ, കന്യാസ്ത്രീ മഠങ്ങൾ, ആശ്രമങ്ങൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്കും ട്രാൻസ്ജെൻഡേഴ്സിനുമായി 15,590 സൗജന്യ ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്.

ഓണക്കാലത്ത് പൊതുജനങ്ങൾക്ക് അവശ്യവസ്തുക്കൾ ആവശ്യാനുസരണം ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ ജില്ലാ ആസ്ഥാനങ്ങളിൽ പ്രത്യേകമായും താലൂക്ക് ആസ്ഥാനങ്ങളിൽ സപ്ലൈകോ വില്പനശാലകളോട് ചേർന്നും സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ 27/08/2022 മുതൽ 07/09/2022 വരെയുള്ള കാലയളവിൽ ഓണം ഫെയറുകൾ സംഘടിപ്പിക്കുകയുണ്ടായി.

സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ എല്ലാ വർഷവും ക്രിസ്തുമസ് സീസണിൽ വിപണിയിടപെടലിന്റെ ഭാഗമായി സപ്ലൈകോ തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലാ ആസ്ഥാനങ്ങളിൽ പ്രത്യേക ക്രിസ്തുമസ് ഫെയറുകൾ

സംഘടിപ്പിച്ചു വരുന്നു. ഇത്തവണ മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ 22/12/2022 മുതൽ 02/01/2023 വരെയുള്ള കാലയളവിൽ പ്രത്യേക ക്രിസ്തുമസ് – പുതുവത്സര ഫെയറുകൾ സംഘടിപ്പിക്കുകയുണ്ടായി.

04/04/2022 മുതൽ 02/05/2022 വരെയുള്ള കാലയളവിൽ സപ്ലൈകോയുടെ സൂപ്പർ മാർക്കറ്റ് ശ്രേണിയിലുള്ള എല്ലാ വിൽപ്പനശാലകളും വിഷു - ഈസ്റ്റർ - ഈദ്-ഉൽ ഫിതർ ഫെയറുകളായി പ്രവർത്തിച്ചു.

അരി വിലയിൽ കാര്യമായ വർദ്ധനവുണ്ടായ അടിയന്തിര സാഹചര്യത്തിൽ സപ്ലൈകോ വില്പനശാലകളുടെ പ്രവർത്തനത്തിനൊപ്പം നിലവിലെ മൊബൈൽ മാവേലി വാഹനങ്ങൾ 'അരി വണ്ടി' എന്ന പേരിൽ 02/11/2022 മുതൽ 08/11/2022 വരെ 6 ദിവസത്തേക്ക് എല്ലാ താലൂക്കുകളിലും എത്തിച്ചേരുന്ന വിധത്തിൽ താൽക്കാലികമായി പുനഃക്രമീകരിച്ച് സംസ്ഥാനത്തിലെ റേഷൻകാർഡുടമകൾക്ക് അരിയും മറ്റ് അവശ്യ ഭക്ഷ്യവസ്തുക്കളും ലഭ്യമാക്കുകയുണ്ടായി. സംസ്ഥാനത്തെ വിദൂര പ്രദേശങ്ങളിൽ (Remote) ഉൾപ്പെടുന്ന തീരദേശ, മലയോര, ആദിവാസി മേഖലകൾക്ക് മുൻഗണന നൽകിയാണ് 'അരി വണ്ടി'യുടെ സേവനം ക്രമീകരിച്ചത്. 1.31 ലക്ഷം കിലോ അരി അരിവണ്ടി മുഖേന വിതരണം ചെയ്തു.

റേഷൻകടകൾ വഴി പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്ന യോജന (PMGKAY) പദ്ധതി പ്രകാരം നൽകിയ അധിക ഭക്ഷ്യധാന്യം വിലക്കയറ്റം നിയന്ത്രണ വിധേയമാക്കുന്നതിന് സഹായിച്ചിട്ടുണ്ട്. കൂടാതെ വിലക്കയറ്റം പരിഹരിക്കുന്നതിനുള്ള വിഷയങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നതിന് ജില്ലാതലത്തിൽ ഓപ്പൺ മാർക്കറ്റ് മൊത്ത വ്യാപാരികളുടെയും വ്യാപാരി പ്രതിനിധികളുടെയും യോഗം ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ചേരുകയും വ്യാപാരി സമൂഹത്തെക്കൂടി വിശ്വാസത്തിലെടുത്ത് വില നിലവാരം പിടിച്ചുനിർത്താനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് തടഞ്ഞ് ന്യായവില ഉറപ്പാക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പുമായി സഹകരിച്ച് ശക്തമായ വിപണി പരിശോധനകളും നടത്താറുണ്ട്.

സെക്ഷൻ ഓഫീസർ